മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) കേരളാ സർവ്വീസ് റൂൾസ് ഒന്നാം വിഭാഗത്തിലെ 55-ാം ചട്ടം അനുസരിച്ച് സർവ്വീസിലിരിക്കെ സസ്പെൻഡ് ചെയ്യപ്പെടുന്ന സർക്കാർ ജീവനക്കാർക്ക് സബ്സിസ്റ്റൻസ് അലവൻസ് നൽകി വരുന്നുണ്ട്. എന്നാൽ റൂൾ 55 (എ) പ്രകാരം സമരത്തിൽ പങ്കെടുക്കുകയോ സമരത്തിനോടനുബന്ധിച്ച് കുറ്റകൃത്യങ്ങൾ ചെയ്തതിന് സസ്പെൻഡ് ചെയ്യുകയോ ചെയ്ത ഉദ്യോഗസ്ഥൻമാർക്ക് സബ്സിസ്റ്റൻസ് അലവൻസ് നൽകുന്നതല്ല.

(ബി) സസ്പെൻഷനിൽ നിൽക്കുന്ന ആദ്യത്തെ ഒരുവർഷ കാലയളവിൽ പകുതി ശമ്പളം (ഹാഫ് പേ ലീവിൽ ആയിരുന്നാൽ കിട്ടുന്ന ശമ്പളത്തിനു തുല്യമായ തുക) നൽകുന്നതാണ്. ഒരു വർഷത്തിനുശേഷമുള്ള കാലയളവിൽ ആദ്യത്തെ വർഷം ലഭിച്ച തുകയുടെ മുക്കാൽഭാഗം സബ്സിസ്റ്റൻസ് അലവൻസായി നൽകുന്നതാണ്. മുകളിൽ പറഞ്ഞിരിക്കുന്നതുകൂടാതെ അവധിയിലായിരുന്നാൽ കിട്ടുന്ന ക്ഷാമബത്തയും സസ്പെൻഷനുമുൻപ് ലഭിച്ചുകൊണ്ടിരുന്ന കോമ്പൻസേറ്ററി അലവൻസും സസ്പെൻഷൻ ഉത്തരവ് പുറപ്പെടുവിക്കുന്ന 'അതോറിറ്റി'യുടെ തീരുമാനത്തിനു വിധേയമായി നൽകുന്നതാണ്.

(സി) ഇല്ല.

(ഡി & ഇ) ഉദിക്കുന്നില്ല.

കള്ളക്കടത്ത് തടയാൻ നടപടി

*655 [712] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലേക്ക് ഗൾഫ് നാടുകളിൽനിന്ന് കുഴൽപണ പ്രവാഹവും കള്ളക്കടത്ത് വ്യാപാരവും പുനഃരാരംഭിച്ച വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം നടപടികളിൽ കർശനമായ നിയന്ത്രണത്തിനും കുറ്റക്കാരെ കണ്ടുപിടിക്കുന്നതിനും പ്രത്യേക വിഭാഗം ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ & ബി) കുഴൽപണം കള്ളക്കടത്ത് എന്നിവ തടയുന്നതിനും അങ്ങനെയുള്ള കുറ്റകൃത്യങ്ങളിൻമേൽ നടപടി നടത്തുന്നതിനും ഉള്ള ഏജൻസികൾ കേന്ദ്രഗവൺമെൻറിന്റെ കീഴിലുള്ള കസ്റ്റംസും, എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റും ആണ്. തൻമൂലം ഈ ചോദ്യത്തിൽ ഉൾക്കൊള്ളുന്ന മേൽനടപടികൾ സ്വീകരിക്കേണ്ടത് ഇവരാണ്. എങ്കിലും ഇവരുടെ പ്രവർത്തനങ്ങളിൽ വേണ്ട സഹായ സഹകരണങ്ങൾ സംസ്ഥാന പോലീസ് ചെയ്തുകൊടുക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly